DESPATCHED
On../5/02/..22.

5/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1786(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 15458/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 5**

ശ്രീ. വി.ടി.മോഹനൻ
ടി.സി.14/908(1), ചേതന,
കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം - 11.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട് (ഇ.റ്റി. സെക്ഷൻ), പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം.
2) അപ്പീൽ അധികാരി & പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 26/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/12/2021 |
| ഹിയറിംഗ് നടന്ന തീയതി | **01/02/2022 -വീഡിയോ/ആഡിയോ ഹിയറിംഗ്** |
| **ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ.** | **ഹാജരായി<br>ഹാജരായി** |

## ഉത്തരവ്

ശ്രീ. വി.ടി.മോഹനൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 4 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും 4-ാം ഇനത്തിനൊഴികെ തൃപ്തികരമായ മറുപടിയല്ല നൽകിയതെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ നൽകുവാനുള്ള ക്രമീകരണം ചെയ്യണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 28.08.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും രേഖകളും നൽകണമെന്നാണ്.

1) Order No. D. Dis. 10290/62/G4 dated 17/12/1963 –ന് ആധാരമായ ഫയലിന്റെയും നോട്ട് ഫയലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2) Order No. R. Dis.32114/68/G4 dated 12/01/1969 –ന് ആധാരമായ ഫയലിന്റെയും നോട്ട് ഫയലിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3) Order No. R.Dis. 32114/68/G4 dated 12/01/1969 –ഉത്തരവിന് ശേഷം നാളിതുവരെ പ്രസ്തുത ബൈലായിൽ നടത്തിയ മാറ്റങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4) CSI Trivandrum People's Fellowship എന്ന സംഘടനയുടെ സെക്രട്ടറി 5/8/2021 തീയതിയിൽ ടി ഓഫീസിൽ പരാതി നൽകി എന്നും ടി പരാതിയിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും നടപടി ഫയലുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയിലെ 1 മുതൽ 3 വരെയുള്ള ഇനങ്ങൾക്ക് ആവശ്യപ്പെട്ട ഫയൽ ലഭ്യമല്ലെന്ന മറുപടിയും 4–ാം ഇനത്തിന് വിവരം നൽകിയിട്ടുള്ളതായും കാണുന്നു. തുടർന്ന് ടിയാന്റെ അപേക്ഷയിലെ 1, 2, 3 ഇനങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകിയില്ല എന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, വിവരാവകാശ നിയമപ്രകാരം പകർപ്പുകൾ ആവശ്യപ്പെട്ട G4/10290/62, G4/32114/68 എന്നീ ഫയലുകൾ കണ്ടെത്താൻ ടി ഓഫീസിലെ റെക്കോർഡ് സെക്ഷനിൽ കത്ത് നൽകുകയും റെക്കോർഡ് സെക്ഷൻ തെരച്ചിൽ നടത്തിയതിൽ കാലപ്പഴക്കം ചെന്ന ടി ഫയലുകൾ പൊടിഞ്ഞു നശിച്ചു പോയതിനാൽ കണ്ടെത്താൻ സാധിക്കുന്നില്ല എന്ന് റെക്കോർഡ് സെക്ഷനിൽ നിന്നും രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. വി.ടി. മോഹനൻ 28.8.2021 –ന് സമർപ്പിച്ച അപേക്ഷയിൽ DDis/10290/1962/G4 Dated 17.12.1963, RDis/32114/1968/G4 Dated

12.1.1969 എന്നീ ഉത്തരവുകൾക്ക് ആധാരമായ ഫയലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും നോട്ട് ഫയലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും RDis/32114/1968/G4 Dated 12.1.1969 എന്ന ഉത്തരവിന് ശേഷം പ്രസ്തുത നിയമാവലിയിൽ വരുത്തിയ മാറ്റങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, സി.എസ്.ഐ. പീപ്പിൾസ് ഫെല്ലോഷിപ്പ് എന്ന സംഘടനയുടെ സെക്രട്ടറി 5.8.2021 തീയതിയിൽ ടി കാര്യാലയത്തിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആവശ്യപ്പെട്ട 1 മുതൽ 3 വരെ ചോദ്യങ്ങൾ 1963, 1969 കാലഘട്ടങ്ങളിലെ യഥാക്രമം 58, 52 വർഷങ്ങൾ പഴക്കമുള്ള ഫയലുകൾ സംബന്ധിച്ചായിരുന്നു എന്നും ആയത് ടി കാര്യാലയത്തിലെ റെക്കോർഡ് വിഭാഗത്തിൽ തെരഞ്ഞതിന് ശേഷം ടി ഫയലുകൾ ലഭ്യമല്ലായെന്നും അപേക്ഷകൻ ഖണ്ഡിക 4 പ്രകാരം ആവശ്യപ്പെട്ട ഫയലിന്റെ പകർപ്പ് സഹിതം 25.9.2021-ന് ടി കാര്യാലയത്തിലെ ഇ.റ്റി. വിഭാഗത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് 1 മുതൽ 3 വരെയുള്ള ഇനങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരല്ലെന്നും രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിച്ചു എന്നും എന്നാൽ ടി ഫയലുകൾ ലഭ്യമാക്കുന്നതിനായി ടി കാര്യാലയത്തിലെ റിക്കാർഡ് വിഭാഗത്തിലേക്ക് 9.11.2021-ലെ ഇ.റ്റി.4/11917/21 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ആവശ്യപ്പെടുകയും ആയതിന് മറുപടിയായി ടി ഫയലുകൾ കാലഹരണപ്പെട്ട് പൊടിഞ്ഞു നശിച്ചു പോയതിനാൽ കണ്ടെത്താൻ സാധിക്കുന്നില്ല എന്ന് റിക്കാർഡ് സെക്ഷനിൽ നിന്നും മറുപടി ലഭിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 16.11.2021-ന് അപേക്ഷകന്റെ അപ്പീൽ അപേക്ഷയ്ക്ക് അപ്പീൽ അധികാരി മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 4 ഇനങ്ങളിലായി ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിലെ 1 മുതൽ 3 വരെയുള്ള ഇനങ്ങൾക്ക് വിവരം ലഭ്യമായിട്ടില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരി എന്നിവരുടെ പ്രധാന ചുമതല. ഇക്കാര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 58, 52 വർഷങ്ങൾ പഴക്കമുള്ള കാലഘട്ടത്തിലെ ഫയലുകൾ സംബന്ധിച്ച വിവരമാണെന്ന് കാണുന്നു. ആയത് ഹർജിക്കാരന് നൽകണമെന്ന സദുദ്ദേശത്തോടെ ബന്ധപ്പെട്ട ഫയൽ റിക്കാർഡ്സിൽ നിന്നു ലഭിക്കുവാൻ 9.11.2021-ലെ ഡി.ജി.ഇ/11917/ഇ.റ്റി.4 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നതും എന്നാൽ ആയതിന് മറുപടിയായി ടി ഫയലുകൾ കാലപ്പഴക്കം ചെന്നതിനാൽ പൊടിഞ്ഞു നശിച്ചു

പോയിട്ടുള്ളതായുള്ള മറുപടിയാണ് റിക്കാർഡ് സെക്ഷനിൽ നിന്നും നൽകിയിട്ടുള്ളതെന്നും കാണുന്നു. ആയതിൽ നിന്നും എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടി വസ്തുതാപരമാണെന്നും മറുപടി നൽകുന്നതിൽ മന:പൂർവ്വമായ വീഴ്ച എതിർകക്ഷികളുടെ ഭാഗത്ത് ഉണ്ടായിട്ടില്ല എന്നും കമ്മീഷന് ബോധ്യമാകുന്നു. എന്നിരുന്നാലും എതിർകക്ഷികൾ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി റെക്കോർഡ് സെക്ഷൻ നേരിട്ട് പരിശോധിച്ച് സത്യാവസ്ഥ ബോധ്യപ്പെടുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 5–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി